LIBRARY ARCHIVES Kerala Legislative Assembly

കാലവർഷക്കെടുതിമൂലം നശിച്ച വീടുകൾ

121 (5322) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2010-ലെ കാലവർഷക്കെടുതി മൂലം എത്ര വീടുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട് ?

ഉത്തരം

2010-ലെ കാലവർഷക്കെടുതിമൂലം കേരളത്തിൽ 16-7-2010 വരെ 181 വീടുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. 3608 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

സുനാമി പുനരധിവാസ പദ്ധതി

122 (5323) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമിയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിനകം പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണ് ; ഇവയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സുനാമി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സുനാമി ബാധിതരുടെ പുനരധിവാസത്തിനും സുനാമി ബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനുമായി ആകെ 1441.7 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സുനാമി ബാധിതരുടെ പുനരധിവാസത്തിനായി ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ 245.46 കോടി രൂപയുടെ സുനാമി അടിയന്തരസഹായ പദ്ധതി 31-10-2009-ന് പൂർത്തിയായി കഴിഞ്ഞു. 1148 കോടി രൂപയുടെ അധിക കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന സുനാമി പുനരധിവാസ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായമായ 4.49 കോടി രൂപയ്ക്ക് നടപ്പിലാക്കുന്ന ജപ്പാൻ ദാരിദ്ര്യലഘൂകരണ പദ്ധതി 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. 43.8 കോടി രൂപ ലോകബാങ്ക് സഹായം നിലവിലുള്ള പദ്ധതി മാറ്റി ചെയ്യുന്നതിനാണ് (diversion of existing schemes). ഈ ഫണ്ട് സംബന്ധിച്ച വിഷയം ജലസേനച വകുപ്പ് നേരിട്ടാണ് കൈകാര്യം ചെയ്യുന്നത്.

(ബി) സുനാമി അടിയന്തര സഹായപദ്ധതിക്കു കീഴിൽ ഫിഷറീസ്, വിദ്യുച്ഛക്തി, തുറമുഖ എഞ്ചിനീയറിംഗ്, കേരള വാട്ടർ അതോറിറ്റി,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്ത് എന്നീ വകുപ്പുകൾ ജീവനോപാധി പ്രവൃത്തികൾ, പോർട്ടുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ പുനരുദ്ധാരണം, ജലവൈദ്യുതി വിതരണം കാര്യക്ഷമമാക്കൽ, പാലങ്ങൾ, റോഡുകൾ എന്നിവയുടെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. റ്റി. ആർ. പി.ക്ക് കീഴിൽ 15 പദ്ധതി നിർവ്വഹണ യൂണിറ്റുകൾ ഏറ്റെടുത്തു നിർവ്വഹിച്ച പദ്ധതികളിൽ പൂർത്തിയായവ സംബന്ധിച്ച വിവരം അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജപ്പാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുന്ന മത്സ്യ- മത്സ്യേതര ജീവനോപാധി പ്രവർത്തനങ്ങളും 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. സുനാമി അടിയന്തര സഹായ പദ്ധതിക്കുകീഴിൽ 245.46 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും ഡോളറിന്റെ വിനിമയ നിരക്കിൽ വന്ന വ്യത്യാസംമൂലവും സംസ്ഥാന സർക്കാരിന്റെ വിഹിതംകൂടി ഉൾപ്പെടുത്തിയതുമൂലവും ആകെ 272.61 കോടി രൂപ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽ ഇതുവരെ 963.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജപ്പാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതിയിൻ കീഴിൽ 3,51,29,884 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സുനാമി പുനരധിവാസ പദ്ധതിക്കുകീഴിൽ ആരംഭിച്ചു കഴിഞ്ഞ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ജപ്പാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ കാലാവധി 31-10-2010 വരെയാണ്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക

123 (5326) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം അസംബ്ളി നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭം-കാലവർഷക്കെടുതികൾ മൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പു വഴി എത്ര തുക അനുവദിച്ചു എന്നു വ്യക്തമാക്കുമോ ;

(ബി) 2006-07, 2007-08, 2008-09, 2009-2010 വർഷങ്ങളിലെ അനുവദിക്കപ്പെട്ട തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുന്ന റോഡുകൾക്ക് തുക അനുവദിക്കാറില്ല. പണി പൂർത്തിയാക്കി ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിക്കുന്നത്. ഇത് ജില്ലാടിസ്ഥാനത്തിലാണ് അനുവദിച്ചു വരുന്നത്. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല.

(ബി) ഉത്തരം എ-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly